II ഇ.ബി.XIV-കേരള നിയമസഭ/VII-4

# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ആഗസ്റ്റ് 10, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

8 (*91) സംസ്ഥാന റെയിൽവേ വികസനം

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് കേന്ദ്രവുമായി ചേർന്ന് ഒരു സംയുക്ത സംരംഭക കമ്പനിയായ കേരള റെയിൽ വികസന കോർപ്പറേഷൻ 2017 ജനുവരി മാസം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്പനി ഒന്നാം ഘട്ടമായി റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം, തലശ്ശേരി-മൈസൂർ റെയിൽവേ പാത, എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി, കൊച്ചി വിമാനത്താവളത്തിലേയ്ക്ക് ത്രികോണ റെയിൽ ലൈൻ സ്ഥാപിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്ക

നീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ, വിഴിഞ്ഞം ഇന്റർനാഷണൽ തുറമുഖത്തെ തിരുവനന്തപുരം-കന്യാകുമാരി ലൈനുമായി ബന്ധിപ്പിക്കുന്ന വിഴിഞ്ഞം-ബാലരാമപുരം പുതിയ ബ്രോഡ്ഗേജ് ലൈൻ എന്നിവയും രണ്ടാം ഘട്ടമായി നിർദ്ദിഷ്ട എരുമേലി-പുനലൂർ പാത, ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ എന്നിവയും മൂന്നാം ഘട്ടമായി നിലമ്പൂർ-നഞ്ചൻകോട് പാതയുമാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നതെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത റെയിൽവേ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നതോടൊപ്പം റെയിൽപാതകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കാലപ്പഴക്കംവന്ന റെയിൽപാളങ്ങൾ പുനസ്ഥാപിക്കുന്നതിനും പാതയിരട്ടിപ്പിക്കലിനും വൈദ്യുതീകരണത്തിനും സിഗ്നൽ പരിഷ്കരണത്തിനും വേഗത കൂട്ടുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ സ്ഥാപിക്കുന്നതിനും റെയിൽവേയിലെ മൂവായിരത്തോളം ഒഴിവുകൾ നികത്തുന്നതിനും വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനും ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ നവീകരിക്കുന്നതിനും ട്രെയിനുകളിൽ അടിയന്തരമായി ബയോ ടോയ്‌ലെറ്റുകൾ ഏർപ്പെടുത്തുന്നതിനും ഇന്ത്യൻ റെയിൽവേ ദീർഘകാലമായി കേരളത്തോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കുന്നതിനും 03.11.2016-ൽ നിയമസഭ

പാസ്സാക്കിയ പ്രമേയം റെയിൽവേ മന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചു വരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ശ്രമങ്ങളും തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ-കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽനിന്ന് വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങളും ഉപേക്ഷിക്കണമെന്നും പ്രധാനമന്ത്രിക്കും റെയിൽവേ മന്ത്രിക്കും കത്തയച്ചിട്ടുണ്ട്. ചെന്നൈ ആസ്ഥാനമായി സോണൽ ഓഫീസ് ഉള്ളതിനാൽ റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം, തലശ്ശേരി-മൈസൂർ പാത, അങ്കമാലി-ശബരി പാത, ഗുരുവായൂർ-തിരുനാവായ പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എന്നീ പദ്ധതികൾ ദീർഘകാലമായി നീണ്ടുപോകുന്ന സാഹചര്യമാണെന്നും യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം-പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കണമെന്നും അതിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും പ്രസ്തുത സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോടതിക്ക് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലമ്പൂരിലേയ്ക്ക് പകൽ സമയത്ത് ഒരു എക്സ്പ്രസ് ട്രെയിൻ

അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാമെന്നും തലശ്ശേരി-മൈസൂർ പാതാ വികസനത്തിൽ കർണ്ണാടക ഗവൺമെന്റും വനം വകുപ്പും യോജിക്കാത്തതിനാൽ ഒരു ബദൽ റോഡ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

9 (*92) വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണത്തിന് തുടർച്ചയായി വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി നിഷ്ക്രിയ അക്കൗണ്ടായി മാറിയിട്ടില്ലാത്ത തിരിച്ചടവുള്ള സ്റ്റാൻഡേർഡ് അക്കൗണ്ടുകൾ, 31-03-2016-ന് മുമ്പ് തിരിച്ചടവ് മുടങ്ങിയ നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയ വിദ്യാഭ്യാസ വായ്പകൾ എന്നിങ്ങനെ രണ്ട് വിഭാഗമായി തിരിച്ച് ഒരു വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടെന്നും നിഷ്ക്രിയ അക്കൗണ്ടായി മാറിയിട്ടില്ലാത്ത 9 ലക്ഷം രൂപവരെ വായ്പയെടുത്ത് 01-04-2016-ന് മുമ്പ് തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാലുവർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുമെന്നും സഭയെ അറിയിച്ചു. തിരിച്ചടവ് മുടങ്ങി 2016 മാർച്ച് 31-ന് മുമ്പ് നിഷ്ക്രിയ അക്കൗണ്ടായി മാറിയ 4 ലക്ഷം രൂപവരെയുള്ള

ലോണുകളുടെ പലിശ ബാങ്കുകൾ എഴുതിത്തള്ളുകയും വായ്പയെടുത്ത വിദ്യാർത്ഥി ബാക്കി നിൽക്കുന്ന തുകയുടെ 40% ഒറ്റത്തവണയായി അടയ്ക്കുകയും ചെയ്താൽ ബാക്കിയുള്ള 60% തുകയടച്ച് ലോൺ ക്ലോസ് ചെയ്യാനും 4 ലക്ഷത്തിനുമേൽ 9 ലക്ഷം രൂപവരെ വായ്പാ തുകയുള്ള 2016 മാർച്ച് 31-ന് മുമ്പ് നിഷ്ക്രിയ അക്കൗണ്ടായി മാറിയ വായ്പകളിൽ ബാങ്കുകൾ ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കിയാൽ മുതൽ തുകയുടെ 50% (പരമാവധി 2,40,000/- രൂപ) ഒടുക്കി ലോൺ ക്ലോസ് ചെയ്യാനും സർക്കാർ സഹായം നൽകുന്നതാണ്. വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥിക്ക് സ്ഥിരമായി മാനസികമോ ശാരീരികമോ ആയ വൈകല്യമുണ്ടായാൽ വായ്പാ തുക മുഴുവൻ സർക്കാർ അടയ്ക്കുന്നതാണ്. 2016 മാർച്ച് 31-ന് മുമ്പ് വിദ്യാഭ്യാസ വായ്പയെടുത്ത അർഹരായ വിദ്യാർത്ഥികൾ നിബന്ധനകൾക്ക് വിധേയമായി ലോണെടുത്ത ബാങ്ക് ശാഖയിൽ 31.10.2017-നുമുമ്പ് elrs.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും പ്രസ്തുത അപേക്ഷകളിൽ യോഗ്യതയുള്ളവ ബാങ്ക് നോഡൽ ഏജൻസിയായ സംസ്ഥാനതല ബാങ്കിംഗ് സമിതിക്കും സമിതി ധനകാര്യ വകുപ്പ് തയ്യാറാക്കുന്ന പുതിയ സോഫ്റ്റ്‌വെയർ മുഖേന പ്രൊപ്പോസൽ ഓൺലൈനായി ഫണ്ട് അനുവദിക്കുന്നതിനായി സർക്കാരിനും സമർപ്പിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ/സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ

വായ്പയെടുത്ത് ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയവർക്കും മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സ് പഠിച്ചവർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുപുറമെ ആരോഗ്യ കാരണങ്ങൾകൊണ്ടോ മരണപ്പെട്ടതുകൊണ്ടോ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്തവർക്കും പദ്ധതിയിൽ ഇളവ് ലഭിക്കുന്നതാണ്. ഈ സ്കീം പ്രകാരം ആദ്യത്തെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാക്കുകയുള്ളൂ. ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചാലുടൻ വിശദമായി പരിശോധിച്ച് സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും വിദ്യാഭ്യാസ വകുപ്പ് അൺ എയ്ഡഡ് മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള ബിൽ തയ്യാറാക്കുന്ന ദൗത്യത്തിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

10 (*93, *100 & *114) <u>കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതി</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ആറ് റോഡുകൾ പത്ത് കരാർ പാക്കേജുകളായാണ് പണികൾ ഏറ്റെടുത്തിരിക്കുന്നതെന്നും അതിൽ കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.), പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ), തലശ്ശേരി-കളറോഡ് (28.80 കി.മീ), കളറോഡ്-

വളവുപാറ റോഡ് (25.26 കി.മീ), ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ), തിരുവല്ല ബൈപ്പാസ് (2.3 കി.മീ), ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ), പൊൻകുന്നം-തൊടുപുഴ റോഡ് (50 കി.മീ), പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (18 കി.മീ.) എന്നീ 9 പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നുണ്ടെന്നും തലശ്ശേരി-വളവുപാറ റോഡിന്റെ (3-ാം പാക്കേജ്-54 കി.മീ.) കരാർ റദ്ദ് ചെയ്ത് 3A, 3B എന്നീ ചെറു പാക്കേജുകളായി പുനർ നിർമ്മാണം നടത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. 2243.14 കോടി രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതികൾക്ക് ലോക ബാങ്ക് വിഹിതം 56 ശതമാനവും സംസ്ഥാന വിഹിതം 44 ശതമാനവുമാണ്. പ്രാരംഭ ഘട്ടത്തിലുണ്ടായ പ്രതികൂല കാലാവസ്ഥയും, യൂട്ടിലിറ്റി സർവ്വീസ് വകുപ്പുകളുടെ ഏകോപന പ്രവർത്തനത്തിലുണ്ടായ കാലതാമസവും കാരണം പണി തുടങ്ങാൻ വൈകിയെങ്കിലും എല്ലാ പണികളും 2018-ൽ തീർക്കത്തക്ക വിധത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. ഈ പദ്ധതിയിലുൾപ്പെടുന്ന പുനലൂർ-പൊൻകുന്നം റോഡ് (82 കി.മീ.) സ്വകാര്യ പങ്കാളിത്തത്തോടെ ആന്വിറ്റി സ്കീമിൽ ചെയ്യാനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക് പ്രവൃത്തികൾ നിശ്ചിത സമയത്തുതന്നെ പൂർത്തിയാക്കുന്നതിനും ധനവിനിയോഗം, ഗുണനിലവാരം, സുരക്ഷ, പരിസ്ഥിതി, തൊഴിലാളികളുടെ ക്ഷേമം, സ്ഥലമെടുപ്പ് തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുകയും 6 മാസത്തിലൊരിക്കൽ റിവ്യൂ മീറ്റിംഗ് നടത്തുകയും ചെയ്യാറുണ്ട്.

ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കെ.എസ്.ടി.പി. പദ്ധതിയിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികൾ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരവും MORTH SPECIFICATION അനുസരിച്ചുമാണ് നടപ്പിലാക്കുന്നത്. അന്താരാഷ്ട്ര തലത്തിൽ ടെണ്ടർ ക്ഷണിച്ച് തെരഞ്ഞെടുക്കുന്ന കൺസൾട്ടന്റാണ് പദ്ധതികൾ സൂപ്പർവൈസ് ചെയ്യുന്നത്. റോഡ് നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം അത് ഉപയോഗിക്കുമ്പോഴും അതിനുശേഷവും ഉറപ്പുവരുത്താറുണ്ട്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ 2012-13 കാലഘട്ടത്തിൽ തയ്യാറാക്കിയ രൂപരേഖയിൽ അപാകതകൾ കണ്ടെത്തിയിരുന്നതായും കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽപ്പെട്ട പൊൻകുന്നം-തൊടുപുഴ റോഡ് നിർമ്മാണത്തിൽ അംഗീകരിച്ച എസ്റ്റിമേറ്റ് തുകയിൽനിന്നും കൂടുതൽ പണി ചെയ്യേണ്ടിവരികയും തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിൽ ഡി.പി.ആർ.-ന്റെ ഇരട്ടിയിലധികം വർദ്ധനവുണ്ടാവുകയും ചെയ്തതിനാൽ അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടായിട്ടുള്ളതായും ഇക്കാര്യം ലോകബാങ്ക് അന്വേഷിക്കണമെന്ന് ടീം ലീഡറിനോട് ആവശ്യപ്പെട്ടിരുന്നതായും മന്ത്രി അറിയിച്ചു. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിക്കുവേണ്ടി 432 മില്ല്യൺ യു.എസ്. ഡോളറിന്റെ (ഏകദേശം 2005 കോടി രൂപ) ഭരണാനുമതിയും ലോകബാങ്ക് വായ്പയായി 2403 കോടി രൂപയും ലഭിച്ചിട്ടുണ്ട്. അംഗീകാരം നൽകിയ പ്രവൃത്തികൾക്ക് വായ്പ നൽകുന്നതിൽനിന്നും ലോകബാങ്ക്

പിന്മാറിയതായി നിലവിൽ അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. കുറവിലങ്ങാട്-കൂത്താട്ടുകുളം-മൂവാറ്റുപുഴ സ്ട്രെച്ചിന്റെ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുകയും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 990 മുതൽ 1339 വരെയുള്ള ചോദ്യങ്ങളിൽ 169 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)